## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2535 — 09/03/2017-ൽ മറുപടിയ്ക്ക്.

### വരൾച്ച മൂലം ക്ഷീരോൽപ്പാദക മേഖലയിലുണ്ടായ പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്. ശർമ്മ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വരൾച്ച മൂലം ക്ഷീരോൽപ്പാദക മേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള കടുത്ത വരൾച്ച കാരണം ശുദ്ധജലത്തിന്റേയും കാലിത്തീറ്റ വിളകളുടേയും ലഭ്യതക്കുറവ് ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി 2017 ജനുവരിയിൽ 2016 ഡിസംബർ മാസത്തേക്കാൾ പാലുല്പാദനത്തിൽ ഏകദേശം 2% ശതമാനത്തിന്റെ കുറവ് വന്നിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള വൈക്കോലിന്റേയും കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടേയും വരവും കുറഞ്ഞിട്ടുണ്ട്. |
| (ബി) | അന്തരീക്ഷ താപനിലയിലുണ്ടായ വർദ്ധനവ് മൂലം പാലുൽപ്പാദനത്തിൽ കുറവുണ്ടായിട്ടുണ്ടോ; | (ബി) | കുറവുണ്ടായിട്ടുണ്ട്. |
| (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം എത്ര ലിറ്റർ പാൽ കേരളത്തിൽ എത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | മിൽമ പ്രതിദിനം ഏകദേശം 2.8 ലക്ഷം ലിറ്റർ പാൽ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നു. സ്വകാര്യ ഏജൻസികളും വ്യക്തികളും കൊണ്ടുവരുന്ന പാലിന്റെ കണക്ക് ലഭ്യമല്ല. |
| (ഡി) | സഹകരണമേഖലയിൽ നിന്നും പ്രതിദിനം എത്ര ലിറ്റർ പാലാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; വരൾച്ചമൂലം ഇതിന് കുറവുണ്ടായിട്ടുണ്ടോ; | (ഡി) | ക്ഷീരസഹകരണ സംഘങ്ങൾ വഴി പ്രതിദിനം ശരാശരി 16 .43 ലക്ഷം ലിറ്റർ സംഭരിച്ച് വിതരണം നടത്തുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ അളവിലും വരൾച്ച മൂലം കുറവ് വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | വരൾച്ചമൂലം കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | ബാങ്ക് വായ്പ എടുത്ത് വാങ്ങിയ പശുക്കൾ ചത്തുപോയത് മൂലമോ ഉൽപാദനം കുറഞ്ഞത് മൂലമോ വായ്പ തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ കാർഷിക കടാശ്വാസ പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കത്തക്ക രീതിയിൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.കടുത്ത വരൾച്ച മൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് 2017 മാർച്ച് 1 മുതൽ 31 വരെ ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 100/- രൂപ പ്രത്യേക കിഴിവ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.